ദീപിക

24 April 2017

# മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി പുതിയ സംവിധാനം

**കൊച്ചി:** മീൻപിടിക്കാൻ കടലിലിറങ്ങുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിൽ വഴിത്തിരിവായേക്കാവുന്ന സംവിധാനം കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) വികസിപ്പിച്ചു. സമുദ്രമത്സ്യസമ്പത്ത് അടയാളപ്പെടുത്തുന്നതിനും ഇതു സഹായകരമാകുമെന്നു ഡയറക്ടർ ഡോ. ഗോപാലകൃഷ്ണൻ പറഞ്ഞു

ഇന്ത്യയിലെ എല്ലാ തീരദേശ സംസ്ഥാനങ്ങളിലുമായി വ്യാപിച്ചുകിടക്കുന്ന മീൻപിടിത്ത കേന്ദ്രങ്ങളുടെയും മീൻപിടിക്കാൻ അനുവദിക്കപ്പെട്ട ദൂരപരിധികളുടെയും ഭൂമിശാസ്ത്ര വിവരങ്ങൾ ഉൾക്കൊള്ളിച്ചു ഭൂവിവരവിനിമയ സാങ്കേതികവിദ്യ (ജ്യോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം-ജിഐഎസ്) ഉപയോഗിച്ചുള്ള ഡാറ്റാബേസ് ആണു സിഎംഎഫ്ആർഐ വികസിപ്പിച്ചെടുത്തത്.

ഇതു ഉപയോഗിച്ചു കടലിൽ സുരക്ഷാസംവിധാനങ്ങൾ ഒരുക്കാൻ നാവിക സേനയ്ക്കും തീരദേശ സംരക്ഷണ സേനയ്ക്കും സാധിക്കും. ഇതിനായി ഈ വിവരസമാഹാരം ദക്ഷിണ നാവികേസന മേധാവി വൈസ് അഡ്മിറൽ എ. ആർ. കാർവേക്കു സിഎംഎഫ്ആർഐ ഡയറക്ടർ



കൈമാറി. ഇന്ത്യയിലെ 1278 മീൻപിടിത്ത കേന്ദ്രങ്ങളും അവയുമായി ബന്ധപ്പെട്ട് നിൽക്കുന്ന സമുദ്രപരിധിയുടെ വിവരങ്ങളും മത്സ്യബന്ധന യാനങ്ങൾ സഞ്ചരിക്കുന്ന പാതകളും മീൻപിടിത്തം കഴിഞ്ഞെത്തുന്ന ലാൻഡിംഗ് സെന്ററുകളും ജിഐഎസ് ഡാറ്റാബേസിൽ ലഭ്യമാണ്.

ഏതൊക്കെ സമയങ്ങളിൽ രാജ്യത്തിന്റെ ഏതൊക്കെ കടൽതീരങ്ങളിൽ മത്സ്യബന്ധനം നടക്കുന്നുണ്ടെന്നും വിവിധതീരങ്ങളിൽ മത്സ്യത്തൊഴിലാളികൾ എത്രദൂരം കടലിൽ മുന്നോട്ട് പോകുന്നുണ്ടെന്നും ഇതിലൂടെ മനസിലാക്കാം.

മത്സ്യത്തൊഴിലാളികളുടെ സഞ്ചാരപഥങ്ങൾ മറ്റു കപ്പലുകൾക്കും നാവികർക്കും കൈമാറാനും സാധിക്കും.

22 ശാസ്ത്രജ്ഞരും 85 മറ്റു ജീവനക്കാരും ഉൾപ്പെടുന്ന ഗവേഷണ സംഘമാണു ഡാറ്റാബേസ് തയാറാക്കിയത്. മംഗലാപുരം ഗവേഷണ കേന്ദ്രത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. എ.പി. ദിനേശ്ബാബുവിന്റെ നേതൃത്വത്തിലായിരുന്നു വിവരസമാഹരണം.

ഗുജറാത്തിൽ 129, മഹാരാഷ്ട്രയിൽ 149, ഗോവയിൽ 34, കർണാടകയിൽ 93, കേരളത്തിൽ 201, തമിഴ്നാട്ടിൽ 359, ആന്ധ്രയിൽ 204, ഒറീസയിൽ 54, ബംഗാളിൽ 55 എന്നിങ്ങനെയാണ് ഇന്ത്യയിലെ ഫിഷ് ലാൻഡിംഗ് സെന്ററുകളുടെ എണ്ണം.